**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -4578** **13.11.2019-ലെ മറുപടി**

## കുടിവെള്ള പദ്ധതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ.എ.പ്രദീപ്കുമാർ<br>ശ്രീ.വി.കെ.പ്രശാന്ത്<br>ശ്രീ.മുരളി പെരുനെല്ലി | | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നബാർഡ് ഏറ്റെടുത്ത കുടിവെള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നബാർഡ് ഏറ്റെടുത്ത കുടിവെള്ള പദ്ധതികൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| ബി) | കുടിവെള്ള മേഖലയിൽ ഇതുവരെ കിഫ്ബിയിൽ നിന്നും എത്ര പദ്ധതികൾക്ക് അനുമതി ലഭ്യമായിട്ടുണ്ട്; | ബി) | കുടിവെള്ള മേഖലയിൽ കിഫ്ബിയിൽ നിന്നും ഇതു വരെ 59 വൻകിട കുടിവെള്ള പദ്ധതികൾക്ക് 3968.913 കോടി രൂപയുടെയും കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് 10 സർക്കിളുകളിലെ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, മൂവാറ്റുപുഴ, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ) പ്രവർത്തികൾക്ക് 382.64 കോടി രൂപയുടെയും കിഫ്ബി ധനസഹായ അനുമതി ലഭ്യമായിട്ടുണ്ട്. |
| സി) | ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി പ്രകാരം ഗ്രാമപ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | സി) | ഗ്രാമീണ മേഖലയിൽ കുടിവെള്ള ലഭ്യത കുറഞ്ഞ പ്രദേശങ്ങൾക്കും, കുടിവെള്ള ഗുണനിലവാര പ്രശ്നങ്ങളുള്ള പ്രദേശങ്ങൾക്കും മുൻഗണന നൽകിയാണ് ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഭാഗമായി ഗ്രാമീണ മേഖലയിൽ ജല ശുദ്ധീകരണ ശാലകൾ ഉൾപ്പെടെയുള്ള ഉൽപ്പാദന ഘടകങ്ങൾ സ്ഥാപിക്കൽ, ശുദ്ധജല ലഭ്യതയുള്ള പ്രദേശങ്ങളിൽ ആവശ്യമായ ജലസംഭരണ സംവിധാനങ്ങൾ ഏർപ്പെടുത്തൽ, വിതരണശൃംഖലയില്ലാത്ത പ്രദേശങ്ങളിൽ വിതരണ ശൃംഖല സ്ഥാപിക്കൽ മുതലായ പ്രവൃത്തികളാണ് ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്തു നടപ്പിലാക്കുന്നത്. 2024-ഓടുകൂടി രാജ്യത്തെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടു കൂടി ജൽജീവൻ മിഷൻ എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി പരിഷ്കരിച്ചാണ പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. |
| ഡി) | മേൽപ്പറഞ്ഞ കുടിവെള്ള പദ്ധതികൾ പ്രകാരം എത്ര അളവ് വെള്ളം അധികമായി ഉല്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും എത്ര വാട്ടർ കണക്ഷനുകൾ പുതുതായി നൽകിയിട്ടുണ്ടെന്നുമുള്ള കണക്ക് ലഭ്യമാണോ; എങ്കിൽ വിശദമാക്കുമോ? | ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷ വിവിധ പദ്ധതികളിലായി 416 ദശലക്ഷം ലിറ്ററോള കുടിവെള്ളം അധികമായി ഉൽപ്പാദിപ്പിക്കുകയും 6,06,88 പുതിയ വാട്ടർ കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട ആകെ 25,39,959 കുടിവെള്ള കണക്ഷനുകൾ നിലവിൽ കേരള വാട്ടർ അതോറിറ്റി നൽകിയിട്ടുണ്ട്. |

Renuka Sankar

സെക്ഷൻ ഓഫീസർ

Annexure 1

## NABARD Ongoing schemes

| Sl. No. | Year of sanction (Tranche No.) | | District | Name of Scheme | AS Amount (Rs. In lakhs) |
|---|---|---|---|---|---|
| 1 | 2016 (RIDF XXII) | Project Division,Thiruvananthapuram | Thiruvananthapuram | CWSS to Pallichal, Balaramapuram and Vilavoorkal Pts. - Balance works | 1024.00 |
| 2 | | Project Division,Kattappana | Idukki | WSS to Valliyamattom and Alakkode villages | 558.63 |
| 3 | | Project Division,Kattappana | Idukki | WSS to Karimannoor, udumbannoor, Kodukulam and Vannapuram Pts. | 1200.00 |
| 4 | | Project Division,Piravom | Eranakulam | RWSS to Arakuzha & Palakuzha Pts. | 1350.00 |
| 5 | | Project Division,Piravom | Eranakulam | Mini WSS to Inchathotty in Kuttampuzha Pt. | 92.00 |
| 6 | | Water Supply Division,Kannur | Kannur | Mini WSS to Pattuvam & adj. villages - Balance works in Phase I | 1495.00 |
| 7 | 2017 (RIDF XXIII) | Project Division,Palakkad | Palakkad | Comprehensive Water Supply Schme (CWSS) to Mannur,Keralasery & Manakara Panchyaths(Phase-I) | 2530.00 |
| 8 | | Project Division,Palakkad | Palakkad | Comprehensive Water Supply Schme (CWSS) to Agali & adjoining Panchayaths in Mannar Taluk. | 2500.00 |
| 9 | | Project Division Kannur | Kannur | WSS to Kottiyoor,Kelakam and Kanichar in Iritty Taluk.(Phase-1). | 3525.00 |
| 10 | 2018 (RIDF XXIV) | Project Division,Kollam | Kollam | WSS to Thrikkovilvattom and Nedumpana Panchayaths-PhaseII-Part1 Distribution system to Thrikkovilvattom Panchayath | 1292.00 |
| 11 | | Project Division,Adoor | Pathnamthitta | CRWSS to Nedumbram,Niranam,Kadapra&Peringara Panchayaths-laying distribution system in Niranam &Kadappra Panchayaths | 2000.00 |
| 12 | | Project Division Kottayam | Kottayam | WSS to Erumeli-Laying distribution system in ZoneI & Zone VI | 1260.00 |
| 13 | 2019(RIDF XXIV) | Project Division,Adoor | Pathnamthitta | WSS to Seethathode,Panchayathand Nilackkal-Plappally area in Perunad Panchayath in Pathnamthita District | 12000.00 |
| | | | | **TOTAL** | **30826.63** |

RenukaSankar
Section Officer